ND. C. 43/16 dt.11.11. 16

## കാരുണ്യ വർഷ സമാപനം

(20.11.2016)

11.11.2016

ക്രിസ്തുവിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്ത കാരുണ്യ ത്തിന്റെ ഒരു അസാധാരണ ജൂബിലി (കരുണയുടെ വർഷം) 2015 ഡിസംബർ 8 മുതൽ നാം ആചരിക്കുകയായിരുന്നു. മാർപ്പാപ്പ നിർദ്ദേശിച്ചതനുസരിച്ച് പ്രസ്തുത മഹാജൂബിലി 2016 നവംബർ 20 (ക്രിസ്തുരാജന്റെ തിരുനാൾ ദിനം) അവസാനിക്കുക യാണ്. താഴെപ്പറയുന്ന ക്രമത്തിൽ നമ്മുടെ രൂപതയിൽ പ്രസ്തുത മഹാജൂബിലിക്ക് നാം സമാപനം കുറിക്കുന്നു.

1. റീജ്യൺ തലം: 20.11.2016 രാവിലെ മൂന്നു റീജ്യണൽ കോർഡിനേറ്റർമാരും അതതു റീജ്യണിലെ (നെയ്യാറ്റിൻകര, കാട്ടാക്കട, നെടുമങ്ങാട്) കരുണയുടെ കവാടം ആഘോഷപൂർവമായ ദിവ്യബലിയോടും പ്രാർത്ഥനകളോടും അടയ്ക്കുന്നു.

2. ഇടവകതലം: 20.11.2016 ഞായർ എല്ലാ ഇടവകകളിലും ഉപ ഇടവകകളിലും മേല്പ റഞ്ഞരീതിയിൽ ഇടവക വികാരിമാർ കരുണയുടെ കവാടം അടയ്ക്കുന്നു.

3. രൂപതാതലം: 20.11.2016 ഞായർ നെയ്യാറ്റിൻകര കത്തീഡ്രൽ ദൈവാലയത്തിൽ ഉച്ച കഴിഞ്ഞ് 2.30 ന് കരുണയുടെ വർഷ സമാപന പ്രഭാഷണം. തുടർന്ന് 3.30 ന് പൊന്തി ഫിക്കൽ സമൂഹ ദിവ്യബലി. ഇതിൽ താഴെപ്പറയുന്നവർ പങ്കെടുക്കുന്നു: വൈദീകരെ ല്ലാം, സന്യസ്ത സഹോദരിമാർ, ഉപദേശിമാരെല്ലാം, ശുശ്രൂഷാ കോർഡിനേറ്റർമാരെ ല്ലാം, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മതബോധന പ്രധാനദ്ധ്യാപകർ, വിവിധ സംഘടനകളുടെ രൂപതാ സമിതിയംഗങ്ങൾ.

നെയ്യാറ്റിൻകര
11.11.2016

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ